# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.2225 - 18/03/2015 - ലെ മറുപടിക്ക്**

**2015-16 ലെ പദ്ധതി അടങ്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം.എ.ബേബി<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ** | **ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) കേന്ദ്രവിഹിതം ലഭ്യമാകുന്നതിനനുസരിച്ചാണോ 2015-16 ലെ പദ്ധതി അടങ്കൽ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br>(ബി) 2015-16 വർഷത്തേയ്ക്കുള്ള സംസ്ഥാന പദ്ധതി അടങ്കൽ എത്രയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്; ഇപ്രകാരം നിശ്ചയിച്ചതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | സംസ്ഥാന ആഭ്യന്തര നികുതി-നികുതിയേതര വരുമാനം, കേന്ദ്രസർക്കാരിൽ നിന്നു പ്രതീക്ഷിക്കുന്ന കേന്ദ്ര നികുതി വിഹിതം, പദ്ധതി, പദ്ധതിയേതര ധന സഹായം, വിവിധ സ്രോതസ്സുകൾ വഴിയുള്ള വായ്പകൾ എന്നിവ കണക്കിലെടുത്തു കൊണ്ടാണ് സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി അടങ്കൽ നിശ്ചയിക്കുന്നത്. 2015-16 ൽ സംസ്ഥാന പദ്ധതി അടങ്കലായി നിശ്ചയിച്ചിട്ടുള്ളത് 20000 കോടി രൂപയാണ്. |
| (സി) സംസ്ഥാന പദ്ധതി അടങ്കലിൽ കേന്ദ്രത്തിൽ നിന്നുള്ള കേന്ദ്ര വിഹിതം എത്രയാണ് പ്രതീക്ഷിച്ചത്; ഇത് കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ; | 2015-16 ലെ വാർഷിക പദ്ധതി(Gross Plan) അടങ്കലിൽ 8259.30 കോടിരൂപയാണ് കേന്ദ്ര വിഹിതമായി (CSS ഉൾപ്പെടെ) പ്രതീക്ഷിക്കുന്നത്. 14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള വിവിധ കേന്ദ്രമന്ത്രാലയങ്ങളുടെ സംസ്ഥാനങ്ങൾക്കുള്ള പദ്ധതി വിഹിതം സംബന്ധിച്ചിട്ടുള്ള വിശദാംശങ്ങൾ ലഭ്യമാകുമ്പോൾ മാത്രമേ ഈ ഇനത്തിൽ സംസ്ഥാനത്തിന് എത്രത്തോളം കേന്ദ്ര വിഹിതം ലഭിക്കും എന്ന് വ്യക്തമാകുകയുള്ളൂ. |
| (ഡി) ഇല്ലെങ്കിൽ പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ തുക ഏത് രീതിയിൽ കണ്ടെത്താമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |

| | |
|---|---|
| (ഇ) 2014-15 വർഷത്തെ പദ്ധതി അടങ്കൽ എത്രയായിട്ടായിരുന്നു നിശ്ചയിച്ചിരുന്നത്; ഇത് ഉദ്ദേശിച്ച രീതിയിൽ പൂർത്തീകരിക്കുന്നതിന് വിഭവ സമാഹരണത്തിന് സാദ്ധ്യ മായിട്ടുണ്ടോ? | 2014-15ൽ സംസ്ഥാന പദ്ധതി അടങ്കലായി നിശ്ചയി ച്ചിട്ടുള്ളത് 20000 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാദ്ധ്യതയുള്ള വരുമാനത്തിൽ നിന്നു കൊണ്ടും പ്രഖ്യാപിത പദ്ധതികൾ സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കുന്നതിനായി നടപടികൾ കൈ ക്കൊണ്ടിട്ടുണ്ട്. പ്രഖ്യാപിത പദ്ധതികൾ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിനും ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായും വിഭവ സംരക്ഷണത്തിനും അധിക വിഭവ സമാഹരണ ത്തിനും ഉതകുന്ന നടപടികൾ ഇതിനകം കൈക്കൊണ്ടി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ